reports to be sent to the department should go in the name of the Panchayat as a whole and not of individual members.

127. Mr. Poulo Mampilli.—If the Government is of opinion that the whole body should visit, will the Government be pleased to state if it realises that the visits will be known days before-hand, and consequently, increased efficiency of supervision would not result from such visits?

Mr. C. Matthai.—Vide answer to question 126.

A Co-operative expert for Cochin.

128. മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—(a)കൊച്ചിശ്ശീമയിൽ പരസ്പരസഹായ പ്രസ്ഥാനത്തെ അഭിവൃദ്ധിപ്പെടുത്തുവാനുള്ള മാർഗ്ഗങ്ങളേപ്പറ്റി ആലോചിച്ചും അന്വേഷിച്ചും റിപ്പോർട്ട് ചെയ്യാൻ ഈ വിഷയത്തിൽ പടിപ്പും പരിചയവും ഉള്ള ഒരാളെ പൂനായിലുള്ള സർവ്വന്റ്സ് ഓഫ് ഇന്ത്യാസൊസൈറ്റിയിൽ നിന്നും വരുത്തേണ്ടതാണെന്ന് കഴിഞ്ഞബഡ്ജറ്റ് സെഷനിൽവെച്ച് ജന്മിപ്രതിനിധി പറഞ്ഞിട്ടുള്ളതു് ഗവർമ്മെണ്ടിന്റെ ആലോചനക്കു് വിഷയീഭവിച്ചിട്ടുണ്ടോ?

(b) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് നടത്തിട്ടുള്ളതെന്ന് ദയവ് ചെയ് പറയാമോ?

(a) മിസ്റ്റർ എ. കെ. വെങ്കട്ടസ്വാമി അയ്യർ.—ഉവ്വ്.

(b). മറ്റു രാജ്യങ്ങളിൽ പരസ്പരസഹായ പ്രസ്ഥാനത്തെ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടുവരുന്ന മാർഗ്ഗങ്ങളെ അന്വേഷിച്ചും അറിഞ്ഞും അവയിൽ ഈ ശീമയിൽ നടപ്പാക്കേണ്ടുന്നവ ഏതെല്ലാമെന്ന് തീരുമാനിച്ചും ആണ് ഇപ്പോഴുള്ള നടപടികളെ നടത്തുന്നതു്. അതിനാൽ ജന്മിപ്രതിനിധിയുടെ അഭിപ്രായമനുസരിച്ച് പ്രത്യേകമായി യാതൊന്നും ഇവിടെ ചെയ്യേണ്ടതില്ല.

Suits for maintenance, etc., among Nambudiries.

129. മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—ഏതൻ മുതൽ ഏപ്രിൽ വരെ കൂടിയ ഒരു കൊല്ലങ്ങൾക്കിടയിൽനമ്പൂതിരിമാർ അന്യായം പ്രതികളായി തറവാട്ടിൽനിന്ന് ചിലവുകിട്ടുവാനും കാരണവരുടെ കൈകാര്യം ദുർവ്വിനിയോഗപ്പെടുത്തുവാനും ആയി കൊച്ചിസംസ്ഥാനത്തുള്ള നീതിന്യായക്കോടതികളിൽ മേൽപറഞ്ഞ ഓരോ കൊല്ലങ്ങളിലും ഫയലാക്കിട്ടുള്ള വ്യവഹാരങ്ങളുടെ എണ്ണം എത്രയാണെന്ന് കാണിക്കുന്ന ഒരു സ്റ്റേറ്റ്മേണ്ട് മേശപ്പുറത്തു വയ്ക്കുവാൻ ഗവർമ്മെണ്ടിന് ദയവുണ്ടാകുമോ?

മിസ്റ്റർ കെ. അച്യുതമേനോൻ.—രണ്ടാം അനുബന്ധം നോക്കുക. (*Vide Appendix II.*)

Mortgage deeds executed by Nambudiries.

130. മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—ഏതൻ മുതൽ ഏപ്രിൽ വരെ കൂടിയ ഒരു കൊല്ലങ്ങൾക്കിടയിൽ മേൽപറഞ്ഞ ഓരോകൊല്ലങ്ങളിലും നമ്പൂതിരിമാർ കൊച്ചിസംസ്ഥാനത്തുള്ള റജിസ്ട്രാപ്പീസുകളിൽ റജിസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly